6. അപേക്ഷകൻ പഠിച്ചിട്ടുള്ള സ്കൂളുകളുടെ വിശദാംശങ്ങൾ നിർദ്ദിഷ്ട ഫോറത്തിൽ

അപേക്ഷകൻ അവസാനം പഠിച്ചിരുന്ന സ്കൂളിലെ ഹെഡ്മാസ്റ്റർ വഴിയാണ് അപേക്ഷ പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടത്. അപേക്ഷകൻ ക്രിസ്ത്യൻ സമുദായത്തിൽപ്പെട്ട ആളാണെങ്കിൽ ജനന സർട്ടിഫിക്കറ്റുകളുടെ അഭാവത്തിൽ മാമോദീസാ സർട്ടിഫിക്കറ്റുകൾ പരിഗണിക്കുന്നതാണ്.

(ബി) ഇത്തരത്തിലുള്ള തെറ്റു സംഭവിക്കുന്നതിനെ ക്ലറിക്കൽ എറർ എന്ന നിലയിലാണ് കണക്കാക്കുന്നത്. ഇതിന് താഴെപ്പറയുന്ന കാര്യങ്ങൾ സമർപ്പിക്കേണ്ടതാണ്.

1. ഒന്നാം ക്ലാസ്സിൽ ചേർക്കുന്നതിന് രക്ഷകർത്താക്കൾ നൽകിയ അപേക്ഷയുടെ പകർപ്പ്.
2. എൽ. പി., യു. പി., സ്കൂളുകളിലെ അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ്.
3. ഹൈസ്കൂളിലെ അഡ്മിഷൻ രജിസ്റ്ററിന്റെ എക്സ്ട്രാക്ട്.
4. ഒരു സ്കൂളിൽ നിന്നും മറ്റൊരു സ്കൂളിലേക്ക് നൽകിയ വിടുതൽ സർട്ടിഫിക്കറ്റിലാണ് തെറ്റു സംഭവിച്ചതെങ്കിൽ ടി സർട്ടിഫിക്കറ്റിന്റെ അസ്സൽ പകർപ്പ്.

(സി) ബന്ധപ്പെട്ട രേഖകൾ/പ്രമാണങ്ങൾ കൃത്യമായി ഹാജരാക്കുകയാണെങ്കിൽ ആയവയുടെ നിജസ്ഥിതി പരിശോധിച്ചതിനു ശേഷം 6 മാസത്തിനുള്ളിൽ അപേക്ഷയിൽ തീരുമാനമെടുക്കാൻ കഴിയുന്നതാണ്.

രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി

56 (3697) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ ഇപ്പോൾ എത്ര ബ്രാഞ്ചുകൾ ഉണ്ടെന്നും അവിടെ എത്ര വിദ്യാർത്ഥികൾക്കാണ് പ്രവേശനാനുമതി നൽകിയിട്ടുള്ളത് എന്നും വ്യക്തമാക്കുമോ ;

(ബി) അവിടെ ആവശ്യമുള്ള ടീച്ചിംഗ്-നോൺ ടീച്ചിംഗ് സ്റ്റാഫ് ഇപ്പോൾ ഉണ്ടോ ;

(സി) ഇല്ലെങ്കിൽ ഏതെല്ലാം വിഭാഗങ്ങളിൽ ഏതെല്ലാം പോസ്റ്റുകളിലാണ് ഒഴിവുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഒഴിവുകളെല്ലാം നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അഞ്ചു ബ്രാഞ്ചുകൾ. ഓരോന്നിനും അറുപത് വിദ്യാർത്ഥികൾക്ക് വീതം പ്രവേശനം നൽകി വരുന്നു.

(ബി) ഇല്ല.

(സി) താഴെ പറയുന്ന തസ്തികകൾ നിലവിൽ ഒഴിഞ്ഞു കിടക്കുകയാണ്.

1.	ഫസ്റ്റ് ഗ്രേഡ് ഇൻസ്ട്രക്ടർ (മെക്കാനിക്കൽ)	- 2
2.	വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ	- 2
3.	ട്രേഡ് ഇൻസ്ട്രക്ടർ	- 1
4.	ട്രേഡ്സ്മാൻ	- 9
5.	എൽ. ഡി. ക്ലാർക്ക്-കം-ടൈപ്പിസ്റ്റ്	- 1
6.	ലൈബ്രേറിയൻ ഗ്രേഡ് - 4	- 1
7.	സ്റ്റോർ അറ്റൻഡർ	- 1
8.	ഡ്രൈവർ	- 1
9.	ഡ്രൈവർ-കം-ക്ലീനർ	- 1
10.	ലൈബ്രറി അറ്റൻഡർ	- 1
11.	ബസ് ക്ലീനർ	- 1
12.	എൽ. ഡി. ക്ലാർക്ക്	- 1
13.	സ്റ്റീവാർഡ്	- 1
14.	മേട്രൺ	- 1
15.	ലക്ചറർ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്	- 1

(ഡി) ഈ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ റിപ്രോഗ്രാഫിക് സെന്റർ

57 (T.3698) ശ്രീ. ടി. കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ റിപ്രോഗ്രാഫിക് സെന്ററിന്റെ കീഴിൽ എത്ര സബ്, സെന്ററുകൾ ഉണ്ടെന്നും അവയുടെ ഓരോന്നിന്റെയും വരുമാനം എത്ര വീതമാണെന്നും വ്യക്തമാക്കുമോ ;

(ബി) ഈ സ്ഥാപനത്തിൽ പുതിയ സെന്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) റിപ്രോഗ്രാഫിക് സെന്ററിൽ കരാർ അടിസ്ഥാനത്തിലും താൽക്കാലിക അടിസ്ഥാനത്തിലും എത്ര പേർ ജോലി നോക്കുന്നുണ്ട് ;

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly